SCOLE KERALA
STATE COUNCIL FOR OPEN & LIFELONG EDUCATION - KERALA

STATE COUNCIL FOR OPEN AND LIFELONG EDUCATION - KERALA [SCOLE-Kerala]
[Formerly Kerala State Open School (KSOS)]
Vidyabhavan, Poojappura, Thiruvananthapuram -695012
Phone: 2342950, 2342271, 2342369 Fax: 0471 2344841, email : scolekerala@gmail.com

# സ്കോൾ-കേരള ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (DCA) കോഴ്സ് ഏഴാം ബാച്ച് പ്രവേശനം- പൊതു വിവരങ്ങൾ

സെക്രട്ടറിയേറ്റ് അസിസ്റ്റന്റ്, കേരള പബ്ലിക് സർവീസ് കമ്മീഷൻ തുടങ്ങിയ സ്ഥാപനങ്ങളിലെ പിഎസ്സി മുഖേനയുള്ള നിയമനങ്ങൾക്ക് യോഗ്യതയായി സർക്കാർ അംഗീകരിച്ച കോഴ്സാണ് ഡിസിഎ. എസ്.എസ്.എൽ.സി./തത്തുല്ല്യ യോഗ്യതയുള്ള വിദ്യാർഥികൾക്ക് സ്കോൾ-കേരള നടത്തുന്ന കോഴ്സിന് ചേർന്ന് പഠിക്കാം. റെഗുലർ വിദ്യാഭ്യാസത്തോടൊപ്പം സമാന്തരമായി പഠനം നടത്താവുന്ന രീതിയിലും ഒന്നുംരണ്ടും വർഷ ഹയർസെക്കൻഡറി കോഴ്സിനോടൊപ്പം റെഗുലർ വിദ്യാർഥികൾക്കും പഠിക്കാവുന്ന രീതിയിലാണ് കോഴ്സ് വിഭാവനം ചെയ്തിരിക്കുന്നത്.

## ▪ കോഴ്സ് കാലാവധി

കോഴ്സിന്റെ കാലാവധി 6 മാസം (240 മണിക്കൂർ)ആണ്. എന്നാൽ വിദ്യാർത്ഥികളുടെ സൗകര്യാർത്ഥം 6 മാസം മുതൽ 3 വർഷത്തിനകം കോഴ്സ് പൂർത്തിയാക്കിയാൽ മതിയാകും. കോഴ്സ് പൂർത്തിയാക്കുന്നവർക്ക് ഓരോ വർഷവും സ്കോൾ-കേരള നടത്തുന്ന പൊതു പരീക്ഷയിൽ പങ്കെടുക്കാവുന്നതാണ്. രജിസ്ട്രേഷൻ നേടി പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യാത്ത വിദ്യാർത്ഥികൾക്ക് പുന:പ്രവേശനം അനുവദിക്കും. ശനി, ഞായർ, മറ്റു പൊതു അവധി ദിവസങ്ങളിലായിരിക്കും ക്ലാസ്സുകൾ.

## ▪ ഫീസ് ഘടന

| | | |
|---|---|---|
| • പ്രവേശന ഫീസ് | - | 100 |
| • ട്യൂഷൻ ഫീസ് | - | 5000 |
| • കോഷൻ ഡെപ്പോസിറ്റ് | - | 200 |
| **ആകെ** | - | **5,300** |

ട്യൂഷൻ ഫീസിന്റെ **50%** പ്രവേശന സമയത്തും ബാക്കി **50%** കോഴ്സ് അവസാനിക്കും മുമ്പും ഒടുക്കേണ്ടതാണ്.

**സ്കോൾ-കേരളയുടെ അക്കൗണ്ടിൽ ഒരിക്കൽ അടച്ച ഫീസ് യാതൊരു കാരണവശാലും മടക്കി അനുവദിക്കുകയില്ല. ഏതെങ്കിലും കാരണവശാൽ അധിക തുക അടച്ചിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ശേഷം തിരികെ നൽകുന്നതാണ്.**

## ▪ പഠനസഹായികൾ

ഡി.സി.എ കോഴ്സിന് രജിസ്റ്റർ ചെയ്യുന്നവർക്ക് ലളിതമായ ഭാഷയിൽ തയാറാക്കിയിട്ടുള്ള സ്വയം പഠനസഹായികൾ സൗജന്യമായി നൽകുന്നതാണ്. പഠനോപകരണങ്ങൾ അതത് പഠനകേന്ദ്രം/ വിദ്യാർഥിയുടെ മേൽവിലാസത്തിൽ ലഭ്യമാക്കും. കോഴ്സിന്റെ സിലബസ് സ്കോൾ-കേരള വെബ് സൈറ്റിൽ ലഭ്യമാണ്.

## ▪ പഠനകേന്ദ്രങ്ങൾ

എല്ലാ ജില്ലകളിലെയും തെരഞ്ഞെടുത്ത ഹയർസെക്കൻഡറി സ്കൂളുകളാണ് ഡി.സി.എ പഠന കേന്ദ്രങ്ങൾ. ഒരു ബാച്ചിൽ പരമാവധി 35, കുറഞ്ഞത് 20 വിദ്യാർഥികൾ ഉൾക്കൊള്ളുന്ന രീതിയിലാണ് ബാച്ചുകൾ ക്രമീകരിച്ചിരിക്കുന്നത്. ഏതെങ്കിലും പഠനകേന്ദ്രത്തിൽ 20-ൽ കുറവ് വിദ്യാർഥികൾ മാത്രമെ രജിസ്റ്റർ ചെയ്തിട്ടുള്ളുവെങ്കിൽ പ്രസ്തുത വിദ്യാർഥികളെ മറ്റ് പഠനകേന്ദ്രങ്ങളുമായി കൂട്ടിച്ചേർത്താണ് ക്ലാസുകൾ സംഘടിപ്പിക്കുന്നത്.

## ▪ സമ്പർക്കക്ലാസ്

- കേരളത്തിലെ തെരഞ്ഞെടുത്ത ഹയർസെക്കൻഡറി സ്കൂളുകളിൽ അവധി ദിവസങ്ങളിലാണ് സമ്പർക്കക്ലാസുകൾ സംഘടിപ്പിക്കുന്നത്.

- 6 മാസത്തിനകം 240 മണിക്കൂർ ക്ലാസ്സുകൾ വിദ്യാർഥികൾക്ക് ലഭ്യമാകുന്ന രീതിയിലാണ് കോഴ്സ് ക്രമീകരിച്ചിരിക്കുന്നത്.
- തീയറി, പ്രാക്ടിക്കൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നത് ഹയർസെക്കൻഡറി കമ്പ്യൂട്ടർ വിഭാഗം അധ്യാപകരാണ്.
- **പരീക്ഷക്ക് രജിസ്റ്റർ ചെയ്യാൻ 75 ശതമാനം ഹാജർ നിർബന്ധമായും ഉണ്ടായിരിക്കണം. നിശ്ചിത ഹാജർ ലഭിക്കാത്ത വിദ്യാർഥികൾ ഹാജർ കുറവ് പരിഹരിക്കുന്നതിന് പ്രത്യേകം അപേക്ഷ സമർപ്പിക്കേണ്ടതാണ്.**
- അധ്യാപകരുടെ നിർദ്ദേശാനുസരണം റെക്കോഡു വർക്കുകൾ, സി.ഇ മറ്റ് അനുബന്ധ രേഖകൾ എന്നിവ നിശ്ചിത തീയതിക്കകം തന്നെ ഹാജരാക്കേണ്ടതാണ്.

■ **അപേക്ഷിക്കേണ്ട വിധം**

- **11.10.2021** മുതൽ സ്കോൾ-കേരളയുടെ വെബ്സൈറ്റ് (www.scolekerala.org) മുഖാന്തിരം വിദ്യാർഥികൾക്ക് ഓൺലൈനായി DCA കോഴ്സിന് അപേക്ഷിക്കാവുന്നതാണ്. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്.
- **ഓൺലൈൻ രജിസ്ട്രേഷൻ ഒന്നോ രണ്ടോ ഘട്ടങ്ങളായി പൂർത്തിയാക്കാവുന്നതാണ്. വിദ്യാർഥികളുടെ വ്യക്തിഗത വിവരങ്ങൾ എന്റർ ചെയ്ത് ഫീസ് അടയ്ക്കാനുള്ള രീതി (ഓൺലൈൻ/ഓഫ് ലൈൻ) തെരെഞ്ഞെടുക്കാവുന്നതാണ്. ഓൺലൈൻ മോഡിൽ ഫീസ് ഒടുക്കിയവർ ഒന്നാം ഘട്ടത്തിലും ഓഫ് ലൈൻ മോഡിൽ ഫീസ് ഒടുക്കിയവർ രണ്ടു ഘട്ടങ്ങളിലുമായാണ് രജിസ്ട്രേഷൻ പൂർത്തിയാക്കേണ്ടത്. ഓഫ് ലൈൻ മോഡ് തെരഞ്ഞെടുക്കുന്നവർക്ക് ചെലാൻ ജനറേറ്റ് ചെയ്ത് പ്രിന്റ് എടുക്കുന്നതുവരെയുള്ള ഒന്നാംഘട്ടം. ജനറേറ്റ് ചെയ്ത ചെലാൻ ഉപയോഗിച്ച് ഏതെങ്കിലും പോസ്റ്റാഫീസിൽ ഫീസ് ഒടുക്കിയ ശേഷം, ഫീസ് അടച്ച തീയതി പോസ്റ്റാഫീസിന്റെ പേര്, ഫീസ് അടയ്ക്കുമ്പോൾ പോസ്റ്റാഫീസിൽ നിന്നും ലഭിക്കുന്ന രസീതിലെ ഇൻവോയിസ് നമ്പർ എന്നിവ രേഖപ്പെടുത്തിയശേഷം അപേക്ഷ confirm ചെയ്ത് പ്രിന്റ് എടുക്കുന്നതുവരെയുള്ള രണ്ടാംഘട്ടം.**
- **ഫീസ് ഒടുക്കിയ ചെലാനിലെ/ഓൺലൈൻ രസീതിലെ നിർദിഷ്ട വിവരങ്ങൾ രേഖപ്പെടുത്തി അപേക്ഷ കൺഫോം ചെയ്താൽ മാത്രമെ അപേക്ഷയുടെ പ്രിന്റ്ഔട്ട് ലഭ്യമാകുകയുള്ളൂ.**
- **വിദ്യാർഥികൾ, ഫീസ് ഒടുക്കുമ്പോൾ പോസ്റ്റാഫീസിൽനിന്നും ചെലാനോടൊപ്പം രസീതും ചോദിച്ച് വാങ്ങേണ്ടതാണ്.**
- അപേക്ഷ confirm ചെയ്തതിനു ശേഷം പ്രിന്റ് ഔട്ട് എടുത്ത് ഒറിജിനൽ ചെലാനും/ഓൺലൈൻ ഫീസ് രസീതും യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, വിദ്യാർത്ഥി/രക്ഷകർത്താവിന്റെ ദേശസാൽകൃത ബാങ്ക് അക്കൗണ്ട് പാസ് ബുക്കിന്റെ പകർപ്പ്, പോസ്റ്റോഫീസ് ചെലാനോടൊപ്പം ലഭിക്കുന്ന രസീത് എന്നിവ സഹിതം നിശ്ചിത തീയതിക്കുള്ളിൽ സ്കോൾ-കേരള സംസ്ഥാന ഓഫീസിൽ തപാൽ മാർഗം എത്തിക്കണം. വിലാസം: **എക്സിക്യൂട്ടീവ് ഡയറക്ടർ, സ്കോൾ-കേരള, വിദ്യാഭവൻ, പൂജപ്പുര പി.ഒ., തിരുവനന്തപുരം - 12**
- രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായ ശേഷം അപേക്ഷയോടൊപ്പം ലഭിക്കുന്ന യൂസർ ഐ ഡി, പാസ്‌വേഡ് ഉപയോഗിച്ച് ഐഡന്റിറ്റി കാർഡിന്റെ പ്രിന്റ് എടുക്കാവുന്നതാണ്. അത് ബന്ധപ്പെട്ട പഠന കേന്ദ്രം കോഡിനേറ്റിംഗ് ടീച്ചറുടെ മുമ്പാകെ ഹാജരാക്കി മേലൊപ്പ് പതിക്കേണ്ടതാണ്.
- പഠനകേന്ദ്രങ്ങൾ പരീക്ഷാകേന്ദ്രങ്ങളാകണമെന്നില്ല.

Pramod

**എക്സിക്യൂട്ടീവ് ഡയറക്ടർ**

**ഇൻചാർജ്**